പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 506

5.7.2012 ൽ
മറുപടിയ്ക്ക്

## ഐ. ടി. പാർക്കുകളിൽ സ്ഥലം നൽകുന്നതിനുള്ള മാനദണ്ഡം

ചോദ്യം

ശ്രീ. എ. പ്രദീപ്കുമാർ ;
ശ്രീ. എസ്. ശർമ്മ ;
ശ്രീ. സാജു പോൾ ;
ശ്രീ. ജെയിംസ് മാത്യു ;

ഉത്തരം

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാനത്തെ ടെക്നോപാർക്ക്, ടെക്നോസിറ്റി, ഇൻഫോപാർക്ക് എന്നീ ഐ.ടി. മേഖലകളിലെ സ്ഥലം ഐ.ടി. കമ്പനികൾക്ക് നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | എ) സംസ്ഥാനത്ത് ടെക്നോപാർക്ക്, ടെക്നോസിറ്റി എന്നീ ഐ.ടി. മേഖലകളിലെ സ്ഥലം ഐ.ടി. കമ്പനികൾക്ക് നൽകിവരുന്നത് ടെക്നോപാർക്കിന്റെ 'ലാൻഡ് അലോട്ട്മെന്റ് പോളിസി' പ്രകാരമുള്ള യോഗ്യതയും മറ്റ് മാനദണ്ഡങ്ങളും അനുസരിച്ചാണ്. IT/ITeS കമ്പനികൾ, IT/ITeS അടിസ്ഥാനസൗകര്യ വികസന കമ്പനികൾ, മറ്റ് IT/ITeS അനുബന്ധ സ്ഥാപനങ്ങൾ എന്നിവയ്ക്കാണ് സ്ഥലം അനുവദിച്ച് വരുന്നത്. 90 വർഷത്തെ പാട്ടക്കരാർ അടിസ്ഥാനത്തിലാണ് ഇങ്ങനെ ഭൂമി അനുവദിക്കുന്നത്. ഇന്ത്യൻ കമ്പനീസ് ആക്ട് അനുസരിച്ച് ലിമിറ്റഡ് കമ്പനികളായോ പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളായോ രജിസ്റ്റർ ചെയ്ത കമ്പനികൾക്കാണ് ടെക്നോസിറ്റിയിൽ ഭൂമി ലഭ്യമാക്കുന്നത്.<br><br>ഇൻഫോപാർക്ക് കേരളയുടെ 'ലാന്റ് പ്രൈസിംഗ് ആന്റ് അലോക്കേഷൻ പോളിസി'യുടെ അടിസ്ഥാനത്തിലാണ് ഇൻഫോപാർക്ക് കേരളയുടെ രണ്ടാംഘട്ടം, ചേർത്തല ഇൻഫോപാർക്ക്, തൃശ്ശൂർ ഇൻഫോപാർക്ക് എന്നീ ഐ.ടി പാർക്കുകളിൽ ഐ.ടി. കമ്പനികൾക്ക് സ്ഥലം നൽകുന്നത്. ഭൂമി ലഭ്യമാക്കുന്നതിന് ലിമിറ്റഡ് കമ്പനിയായി രജിസ്റ്റർ ചെയ്തിരിക്കണം. IT/ITeS/BPO ബിസിനസ്സിൽ മൂന്ന് വർഷത്തിൽ കുറയാതെ പ്രവർത്തിച്ചിരിക്കുകയും വേണം. കൂടാതെ നിലവിലെ IT employment Strength ന്റെ |

അടിസ്ഥാനത്തിൽ ആയിരിക്കും അർഹതപ്പെട്ട സ്ഥലത്തിന്റെ വിസ്തീർണ്ണം തീരുമാനിക്കുന്നത്. ഐ.ടി സ്ഥാപനങ്ങളിൽ ഒരു Expression of Interest പരസ്യ ചെയ്ത് allotment നടത്തുകയാണ് ചെയ്യുന്നത്. ഒരു സ്ഥലത്തിന് ഒന്നിൽ കൂടുതൽ അപേക്ഷകർ ഉണ്ടെങ്കിൽ ഒരു weighted point system ന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് ലഭിക്കുന്നവർക്ക് സ്ഥലം നൽകുന്നതായിരിക്കും.

| | |
|---|---|
| ബി മുൻ സർക്കാരിന്റെ കാലത്ത് ഐ.ടി. പാർക്കുകളിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര വീതം ഭൂമി നൽകിയിരുന്നു എന്ന് വ്യക്തമാക്കുമോ ; | ബി) മുൻസർക്കാരിന്റെ കാലത്ത് ഐ.ടി. പാർക്കുകളിൽ ഭൂമി നൽകിയ സ്ഥാപനങ്ങൾ, നൽകിയ ഭൂമിയുടെ വിസ്തീർണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു. |

| | <u>ടെക്നോപാർക്ക് ഒന്നാംഘട്ടം</u> | <u>വിസ്തീർണ്ണ</u> |
|---|---|---|
| 1. | IIITM-K | 96 cents |
| | <u>ടെക്നോപാർക്ക് മൂന്നാംഘട്ടം</u> | |
| 1. | Microsec Technologies Ltd. | 1.3 acres |
| 2. | HCL Infosystems Ltd. | 2.00 acres |
| 3. | Vinvish Technologies Pvt. Ltd. | 1.01 acres |
| 4. | Zafin Software Centre of Excellence Pvt. Ltd. | 50 cents |
| 5. | Virtus Technologies Pvt. Ltd. | 50 cents |
| 6. | Speridian Technologies Pvt. Ltd. | 2.00 acres |
| 7. | Ariva Med Data Infotech Pvt. Ltd. | 4.63 acres |
| | <u>ടെക്നോസിറ്റി</u> | |
| 1. | IIITM-K | 10.33 acre |
| 2. | TCS | 82 acres |
| | <u>ഇൻഫോപാർക്ക്, കൊച്ചി</u> | |
| 1. | TCS | 15.72 acre |
| 2. | IBS | 4.21 acres |
| 3. | L & T Tech Park Ltd. | 3.44 acres |
| 4. | Brigade Enterprises | 5.00 acres |

| | | | |
|---|---|---|---|
| സി) | ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കമ്പനികൾക്ക് എത്ര വീതം ഭൂമി നൽകിയിട്ടുണ്ട് ; വിശദമാക്കുമോ ; | സി) | ഈ സർക്കാർ അധികാരമേറ്റശേഷം ഐ.ടി. പാർക്കുകളിൽ ഭൂമി നൽകിയ കമ്പനികൾ, നൽകിയ ഭൂമി എന്നിവ സംബന്ധിച്ച വിശാംശങ്ങൾ താഴെ ചേർത്തിരിക്കുന്നു.<br><u>ടെക്നോസിറ്റി</u><br>Infosys - 49.84 acres<br><u>ഇൻഫോപാർക്ക് രണ്ടാംഘട്ടം</u><br>Cognizant Technologies - 15.43 acres<br><br>കൂടാതെ ടെക്നോസിറ്റിയിൽ SunTech ന് 10 ഏക്കർ സ്ഥലവും 15 ഏക്കർ സ്ഥലം കൂടുതലായി TCS നും നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| ഡി) | കമ്പനികൾക്ക് ഭൂമി നൽകുമ്പോൾ ലാൻഡ് അക്വിസിഷൻ വിലയും മറ്റു ചെലവുകളും കണക്കാക്കി വിലയീടാക്കുന്ന രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; | ഡി) | കമ്പനികൾക്ക് ഭൂമി നൽകുമ്പോൾ ലാന്റ് അക്വിസിഷൻ വിലയും മറ്റ് ചെലവുകളും കണക്കാക്കി വിലയീടാക്കുന്ന രീതിയിൽ മാറ്റം വരുത്തിയിട്ടില്ല. |
| ഇ) | ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് കോടതി മുഖേനയോ കമ്മീഷൻ മുഖേനയോ അധിക തുക നൽകേണ്ടി വന്നാൽ പ്രസ്തുത തുകകൂടി ഭൂമി ലഭിച്ച കമ്പനികളിൽ നിന്നും ഈടാക്കുമെന്ന വ്യവസ്ഥ ഇപ്പോൾ പ്രാവർത്തികമാക്കുന്നുണ്ടോ ? | ഇ) | കോടതി മുഖേനയോ കമ്മീഷൻ മുഖേനയോ ലഭിക്കുന്ന അധിക തുകയുടെ ബാധ്യത ഏറ്റെടുക്കാൻ ഐ.ടി. കമ്പനികൾ തയ്യാറാകുന്നില്ല. ആയതിനാൽ estimate ചെയ്ത ഒരു LAR Compensation അടിസ്ഥാന വിലയിൽ ചേർത്ത് ഭൂമിയുടെ പാട്ടത്തുക കണക്കാക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ